പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4917 27.10.2016-ലെ മറുപടിക്ക്

"ലാന്റ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ"

ചോദ്യം

ശ്രീമതി.പി.അയിഷാ പോറ്റി

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ലാന്റ് ബോർഡുകളിൽ എത്ര കേസുകൾ കെട്ടിക്കിടപ്പുണ്ട് ; | (എ) | 1256 കേസുകൾ. |
| (ബി) | പ്രസ്തുത കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിനും മിച്ചഭൂമി പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാനത്തെ വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ നിലവിൽ കടിശ്ശികയുള്ള മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനും അതുവഴി കൂടുതൽ മിച്ചഭൂമി കണ്ടെത്തുന്നതിനുമായുള്ള ഊർജ്ജിത ശ്രമങ്ങളുടെ ഭാഗമായി സംസ്ഥാന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2016 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടന്ന അവലോകന യോഗങ്ങളിൽ നിലവിൽ കടിശ്ശികയുള്ള മിച്ചഭൂമി കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൽഫലമായി കൂടുതൽ കേസ്സുകൾ തീർപ്പുകൽപ്പിക്കപ്പെടുമെന്നും തദ്വാര കൂടുതൽ മിച്ചഭൂമി കണ്ടെത്താനാകുമെന്നും പ്രതീക്ഷിക്കുന്നു.<br>ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണ യോഗ്യമായത് കേരള ഭൂപരിഷ്കരണ നിയമത്തിലെ 96-ാം വകുപ്പിലെയും അനുബന്ധ ചട്ടങ്ങളിലേയും വ്യവസ്ഥ അനുസരിച്ചാണ് വിതരണം ചെയ്യുന്നത്. കൂടാതെ പതിവിനനുയോജ്യമായ മിച്ചഭൂമി, ടി നിയമത്തിലെ 96 (1 എ) വകുപ്പും ഭൂപരിധി ചട്ടം 32 പ്രകാരവും പൊതു ആവശ്യത്തിലേയ്ക്കായി നീക്കിവച്ച് ഉത്തരവായ ശേഷം, ആയത് "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയിൽ ഉൾപ്പെടുത്തിയും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ വിവിധ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ